# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3137

**13-03-2017 ൽ മറുപടിയ്ക്ക്**

## ഭക്ഷ്യസുരക്ഷ

| **ചോദ്യം**<br>ശ്രീ.കെ.ഡി. പ്രസേനൻ | **മറുപടി**<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നടത്തി വരുന്ന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് നെല്ല്, പച്ചക്കറി എന്നീ വിളകളുടെ കൃഷി വികസനത്തിനുള്ള പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(1) നെൽകൃഷി വികസന പദ്ധതി** -<br><br>പദ്ധതിയിൻകീഴിൽ ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിലുള്ള നെൽകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം, കരനെൽകൃഷി, തരിശുനില കൃഷി, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തുന്നതിന് പാടശേഖര സമിതികൾക്ക് ധനസഹായം എന്നിവയുൾപ്പെടുന്നു. ആറന്മുള, മെത്രാൻ കായൽ എന്നിവിടങ്ങളിൽ വർഷങ്ങളായി തരിശായി കിടന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 11 [illegible] വികസന ഏജൻസികൾക്കുള്ള [illegible] സഹായവും ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗിച്ച് 2008-ലെ നെൽവയൽ |

| | |
|---|---|
| | തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിലുള്ള ആദ്യ വർഷത്തേയ്ക്കുള്ള ഇടക്കൃഷി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി 2016-17 വർഷത്തേയ്ക്ക് ആകെ 35.00 കോടി രൂപയാണ് (മുപ്പത്തിയഞ്ച് കോടി) വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. കൂടാതെ 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള കാലയളവ് 'നെൽ വർഷ'മായി ആചരിക്കുന്നതിനും ഇതോടനുബന്ധിച്ച് നൂറ് ഇന കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷങ്ങൾ ക്കുള്ളിൽ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള രണ്ട് ലക്ഷം ഹെക്ടറിൽ നിന്നും മൂന്ന് ലക്ഷം ഹെക്ടറായി ഉയർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.<br><br>**2) പച്ചക്കറി വികസന പദ്ധതി:-**<br><br>പരമ്പരാഗത കർഷകർ മുതൽ വിദ്യാർത്ഥികളും വീട്ടമ്മമാരും വരെയുള്ള സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതിയാണിത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കൽ, സർക്കാർ-സ്വകാര്യ ഭൂമിയിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറികൃഷി, ഗ്രോ ബാഗിലെ കൃഷി തുടങ്ങി പച്ചക്കറികൃഷി വ്യാപനത്തിന് വിവിധ ഘടകങ്ങളായി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.<br><br>അടുത്ത 5 വർഷംകൊണ്ട് 50000 ഹെക്ടറിൽ അധികമായി പച്ചക്കറികൃഷി ആരംഭിക്കുന്നതിന് പച്ചക്കറിമിഷൻ പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (സി) ഇതിന്റെ ഭാഗമായി ധാന്യങ്ങളുടെയും പയറുവർഗ്ഗങ്ങളുടെയും കൃഷി ശാസ്ത്രീയമായി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയകൃഷി നടപ്പിലാക്കുന്നതാണ്.<br><br>2017-18-ലെ വാർഷിക ബജറ്റിൽ ഭക്ഷ്യോല്പാദന പദ്ധതികൾക്കായി വകയിരുത്തിയ 160 കോടി രൂപയിൽ 70 കോടി രൂപ നെൽകൃഷിയ്ക്കും 85 കോടി രൂപ പച്ചക്കറികൃഷി |

വികസനത്തിനുമാണ് അനുവദിച്ചിരിക്കുന്നത്. നെൽകൃഷിയ്ക്ക് RSGP പദ്ധതി പ്രകാരമുള്ള വിത്തുല്പാദനം മുതൽ അനുയോജ്യമായ പ്രദേശങ്ങളിൽ റൈസ് മിൽ സ്ഥാപിച്ച് കൊണ്ടുള്ള ഉല്പന്നസംസ്കരണം വരെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്രീയ കൃഷി മുറകൾ അനുവർത്തിക്കുകയെന്നതാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

പയർവർഗ്ഗങ്ങളുടേയും കിഴങ്ങ് വർഗ്ഗങ്ങളുടേയും കൃഷി ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനുമായി 2017-18 വർഷത്തെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാദേശിക സവിശേഷതയുള്ള കാർഷികോല്പന്നങ്ങൾക്കായുള്ള കൃഷി (Location Specific Scheme) എന്ന പദ്ധതിയിൽ ചെറു ധാന്യങ്ങൾ, റാഗി, ചോളം മുതലായവയുടെ കൃഷി അനുയോജ്യമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും ആദിവാസി മേഖലകളിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 330 ലക്ഷം രൂപ 2017-18 വാർഷിക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇതോടൊപ്പം മേൽപ്പറഞ്ഞ ഓരോ വിളകൾക്കും പ്രത്യേക കാർഷിക മേഖലകൾ (Special Agricultural Zones) തെരഞ്ഞെടുത്ത് (ഉദാ: കുട്ടനാട്, പാലക്കാട്, വയനാട് പ്രദേശങ്ങൾ നെൽകൃഷിക്കായി) അവിടെ ഓരോ വിളയും ശാസ്ത്രീയ കൃഷിരീതിയിലൂടെ പരമാവധി ഉല്പാദനം കൈവരിക്കാനു ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി 10 കോടി രൂപ 2017-18 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ